

THURSDAY 29.02.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/02/2024

1. നവ കേരള സദസ്സിന്റെ തുടർച്ചയായി വ്യത്യസ്ത മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് സംവദിക്കുന്നു. മുഖാമുഖം പരിപാടിയുടെ ഭാഗമായുള്ള കർഷക സംവാദം മാർച്ച് 2ന് ആലപ്പുഴ കാംലോട്ട് കൺവെൻഷൻ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കും. സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക സംരംഭകർ, കാർഷിക മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങൾ, കർഷക- കർഷക തൊഴിലാളി സംഘടന പ്രതിനിധികൾ തുടങ്ങിയവരുമായി മുഖ്യമന്ത്രി അന്നേദിവസം സംവദിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ ചേരുന്ന പ്രസ്തുത പരിപാടിയിൽ മത്സ്യബന്ധന- സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി, രാഷ്ട്രീയ പ്രമുഖർ, കൃഷി-കൃഷി അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥർ, സാമൂഹിക പ്രവർത്തകർ എന്നിവർ സംബന്ധിക്കുന്നു.

2. ചെറുകിട, ഇടത്തര സംരംഭ മന്ത്രാലത്തിന് കീഴിലുള്ള എംഎസ്എംഇ-ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസ് തൃശൂർ 2024 മാർച്ച് 1 ന്, രാവിലെ 9 മണി മുതൽ വൈകീട്ട് 5.30 വരെ മാന്വൽസൺസ് മലബാർ പാലസ്, കോഴിക്കോട് വച്ച് സംരംഭകർക്കായി കയറ്റുമതി വിപണനത്തെക്കുറിച്ചുള്ള ഒരു ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നു. കയറ്റുമതി സാധ്യതകളെ കുറിച്ച് ചർച്ച ചെയ്യാനും കയറ്റുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെ കുറിച്ചും വിവിധ സർക്കാർ സ്ഥാപങ്ങൾ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് നൽകുന്ന സേവനങ്ങളെ കുറിച്ചും പ്രതിപാദിക്കാനും ആണ് ഈ

ശില്പശാല നടത്തുന്നത്. പങ്കെടുക്കുന്നതിന് ഫീസ് ഇല്ല. മുൻകൂർ രജിസ്ട്രേഷൻ നിർബന്ധമാണ്. രജിസ്ട്രേഷനായുള്ള ലിങ്ക്: https://bit.ly/EXPORT-CLT

3. കേന്ദ്ര സമുദ്രഗവേഷണ കേന്ദ്രം കേരളയും (CMFRI കൊച്ചിയും) കേന്ദ്ര സർവ്വകലാശാല (ICAR) സുവോളജി വിഭാഗവും സംയുക്തമായി കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയിൽ ഇന്ന് (ഫെബ്രുവരി 29) ജലജീവികളുടെ ആരോഗ്യ പരിപാലനം സംബന്ധിച്ച് ഏകദിന ശിൽപശാല സംഘടിപ്പിക്കുന്നു. മത്സ്യകൃഷിയിൽ മുന്നേറ്റം സൃഷ്ടിക്കുന്നതിന് രോഗ പ്രതിരോധമുൾപ്പെടെ പ്രശ്നങ്ങൾ സമഗ്രവും ശാസ്ത്രീയവുമായി വിലയിരുത്തുന്നതിനും ലാഭകരവും സുസ്ഥിരവുമായ കൃഷിരീതികൾ വികസിപ്പിക്കുന്നതിനുമായാണ് ശിൽപശാല നടത്തുന്നത്. ശില്പശാലയിൽ മത്സ്യകൃഷി രംഗത്തെ ശാസ്ത്രജ്ഞരും, കൃഷി വിജഗ്ദരും പങ്കെടുക്കും. കർഷകർക്കും സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനും സംവാദത്തിനും ഈ ശില്പശാല അവസരമൊരുക്കുന്നു. ഫോൺ 9447689646, 8879646750

4. വെള്ളായണി കാർഷിക കോളേജിലെ സോയിൽ സയൻസ് &അഗ്രികൾച്ചറൽ കെമിസ്ട്രി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിൻറെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം www.kau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 2024 മാർച്ച് 5 ന് രാവിലെ 10 മണിക്ക് കോളേജിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം.

**പരിശീലന പരിപാടി**

5. മലമ്പുഴ പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രത്തിൽ വച്ച് മാർച്ച് 1, 2 തിയതികളിൽ മലപ്പുറം, പാലക്കാട് ജില്ലകളിലെ കർഷകർക്കായി Nursery Management &

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Plant Propagation Methods എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30പേർക്ക് പങ്കെടുക്കാൻ അവസരമുണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 04912815912 എന്ന ഫോൺ നമ്പരിൽ രാവിലെ 10 മണിമുതൽ 5 മണി വരെയുള്ള സമയങ്ങളിൽ വിളിക്കാവുന്നതാണ്.

6. മില്ലെറ്റ് അഥവാ ചെറുമണി ധാന്യങ്ങളുടെ വിവിധ ഇനങ്ങളെക്കുറിച്ചും, അവയുടെ കൃഷി രീതികളെക്കുറിച്ചും, അവയിൽ നിന്നുണ്ടാക്കാവുന്ന നൂതന ഉത്പന്നങ്ങളെ കുറിച്ചുമുള്ള ഏകദിന പരിശീലന പരിപാടി മാർച്ച് 1 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ വെള്ളായണി കാർഷിക കോളേജിൽ വച്ച് നടക്കുന്നു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ മുൻഗണന ലഭിക്കുന്നത്. പരിശീലന ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്കും, പേര് രജിസ്റ്റർ ചെയ്യാനുമായി 8891540778, 8075296383 എന്നീ നമ്പറുകളിൽ വിളിക്കുകയോ, വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം